415/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


DESPATCHED On..23/06/21

**ഹർജി നമ്പർ AP No. 1457(1)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 4091/SIC-G4/2020)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി 2021 മേയ് 4**

ശ്രീ. മണ്ണറ രാജൻ,
അനിൽ ഭവൻ,
കാവ്വിള, പോത്തൻകോട് പി.ഒ.,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ അസിസ്റ്റന്റ്,
കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ
സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്)
ജനറൽ ആശുപത്രി ക്യാമ്പസ്,
റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695035.
2) അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ
സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്)
ജനറൽ ആശുപത്രി ക്യാമ്പസ്,
റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695035 } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/10/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/11/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/12/2019 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 13/03/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/03/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/11/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/11/2020 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2020- (ആഡിയോ) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മണ്ണറ രാജൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം

സമർപ്പിച്ച അപേക്ഷയിലെ 4-ാം ഇനത്തിൽ ആവശ്യപ്പെട്ട കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ 129, 130 എന്നീ ഗവേണിംഗ് ബോഡികളുടെ അജണ്ടാ നോട്ടിന്റെയും മിനിറ്റ്സിന്റെയും പകർപ്പുകൾ ഒന്നാം എതിർകക്ഷി മന:പ്പൂർവ്വം നൽകാതിരുന്നതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും എന്നാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരൻ ആവശ്യപ്പെട്ട ഗവേണിംഗ് ബോഡികളുടെ അജണ്ടാ നോട്ടിന്റെയും മിനിറ്റ്സിന്റെയും പകർപ്പുകൾ പൂർണ്ണമായി നൽകുവാൻ കഴിയില്ല എന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ശ്രീ. എസ്. മുരളീധരൻ എന്നയാളെ ഗവേണിംഗ് ബോഡി തീരുമാനമില്ലാതെ പേവാർഡ് അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിച്ചുവെന്നും ആയതുമായി ബന്ധപ്പെട്ട് 13.2.2020-ന് നൽകിയ അപ്പീലിന് സമയപരിധി കഴിഞ്ഞിട്ടും മറുപടി ലഭിച്ചില്ലെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 05/10/2019 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) Payward Keeper Sri.M. Sasidharan Nair (Rtd), Local Fund Audit വിഭാഗം നൽകിയ ക്ലിയറൻസ് കത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും
2) ടിയാന്റെ ഫിക്സേഷനുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നാണ് പരാതി ലഭിച്ചതെന്നും പരാതിയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നാണ് നടപടി സ്വീകരിച്ചതെന്നും ടി നടപടിയുടെ വ്യക്തമായ വിവരങ്ങളും രേഖകളുടെ പകർപ്പും ലഭ്യമാക്കണമെന്നും
3) ദിവസവേതനത്തിൽ ജോലി ചെയ്ത് വന്ന Rajanish Vikram എന്ന ജീവനക്കാരനെ ഇപ്പോൾ ജോലിയിൽ നിന്നും പുറത്താക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും കൂടാതെ ടിയാനെതിരെ ചിത്രകല എന്ന ജീവനക്കാരി നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കണമെന്നും ടി പരാതി അന്വേഷണം നടത്തിയ sexual harassment committee -യുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

4) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ 129, 130 എന്നീ ഗവേണിംഗ് ബോഡികളുടെ അജണ്ടാ നോട്ടിന്റെയും മിനിറ്റ്സിന്റെയും പകർപ്പുകൾ ലഭ്യമാക്കണമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 04/11/2019 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 4-മതായി ആവശ്യപ്പെട്ട കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ലെ 129, 130 എന്നീ ഗവേണിംഗ് ബോഡിയുടെ അജണ്ടാ നോട്ടുകളുടെയും മിനിറ്റ്സുകളുടെയും പകർപ്പുകൾ ടിയാന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ 5/10/2018 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള 129, 130 ഗവേണിംഗ് ബോഡികളുടെ അജണ്ട നോട്ടിന്റെയും മിനിറ്റ്സിന്റെയും പകർപ്പുകൾ സൗജന്യമായി ഹർജിക്കാരന് നൽകാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചു. തുടർന്ന് 26/12/2019 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഗവേണിംഗ് ബോഡിയുടെ അജണ്ടയുടെയും മിനിറ്റ്സിന്റെയും പകർപ്പുകൾ പൂർണ്ണമായി നൽകുവാൻ സാധിക്കില്ല എന്നും ആവശ്യമുള്ള ഭാഗത്തിന്റെ പകർപ്പ് നൽകാമെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 05/10/2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 04.11.2019 തീയതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിലെ 4-ാമത്തെ ചോദ്യത്തിനുള്ള മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചാണ് 07/11/2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് അപ്പീൽ അധികാരി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി എന്നുമാണ്. എന്നാൽ കെ.എച്ച്.ആർ.ഡി.ഡബ്ല്യു.എസ്. ഗവേണിംഗ് ബോഡിയുടെ അജണ്ട, മിനിറ്റ്സ് എന്നിവ മുൻ മാനേജിംഗ് ഡയറക്ടറുടെ അധീനതയിലായിരുന്നതിനാൽ പ്രസ്തുത 129, 130 ഗവേണിംഗ് ബോഡിയിലെ ഏത് വിഷയം സംബന്ധിച്ച വിവരമാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിച്ചാൽ ആയത് നൽകാമെന്ന് മുൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു എന്നും ആയത് ഹർജിക്കാരനെ 26/12/2019 തീയതി കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണെന്നുമാണ്. എന്നാൽ അപ്രകാരം ഹർജിക്കാരൻ ഒന്നും തന്നെ ആവശ്യപ്പെട്ടിരുന്നില്ലെന്നും

എന്നാൽ പുതിയ മാനേജിംഗ് ഡയറക്ടർ ചാർജ്ജെടുത്ത സാഹചര്യത്തിൽ ആയത് നൽകുന്നതിന് തടസ്സമില്ല എന്ന് അറിയിച്ചതനുസരിച്ച് കെ.എച്ച്.ആർ.ഡി.ഡബ്ല്യു.എസ്. 129, 130 ഗവേണിംഗ് ബോഡിയുടെ അജണ്ട, മിനിറ്റ്സ് എന്നിവയുടെ പകർപ്പുകൾ ഹർജിക്കാരന് ടി റിപ്പോർട്ടിനൊപ്പം നൽകിയിട്ടുണ്ടെന്നുമാണ്.

4 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കമ്മീഷനിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്നാണ് ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. ആയത് അംഗീകരിക്കത്തക്കതല്ല. എസ്.പി.ഐ.ഒ.യ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ നൽകുന്നതിന് മാനേജിംഗ് ഡയറക്ടറുടെയോ മറ്റ് ഉദ്യോഗസ്ഥരുടെയോ അനുമതി വിവരാവകാശ നിയമപ്രകാരം ആവശ്യമില്ല. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണെന്ന നിർദ്ദേശം എതിർകക്ഷികൾക്ക് നൽകികൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

യു.എസ്